(ബി) സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി എൻ.എച്ച്. ഡിവിഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കായംകുളം മണ്ഡലത്തിലെ ഭഗവതിപ്പടി-കരീലക്കുളങ്ങര ബാക്ക്വാട്ടർ റോഡ്, മുക്കട-ചുനാട് റോഡ്, പുതിയിടം-ഗോവിന്ദമുട്ടം-പ്രയാർ റോഡ്, ഗോവിന്ദമുട്ടം-ആലുംപീടിക-പാട്ടുത്തുകടവ് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളം മണ്ഡലത്തിലൂടെ കടന്നുപോകുന്ന താഴെക്കൊടുക്കുന്ന 3 റോഡുകൾ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

1. തുക്കുന്നപ്പുഴ-നങ്ങ്യാർകുളങ്ങര-തട്ടാരമ്പലം റോഡ്.

2. ഡാണാപ്പടി-മുതുകുളം-പുല്ലുകുളങ്ങര-കായംകുളം റോഡ്.

3. കായംകുളം-മുട്ടം റോഡ്.

(ബി) ഇപ്പോൾ കേരള സർക്കാരിന്റെ പരിഗണനയിലില്ല.

കായംകുളം കോടതിക്ക് പുതിയ കെട്ടിട സമുച്ചയം

156(2797) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതിക്ക് പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം കോടതിക്ക് പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ, ആർക്കിടെക്ച്ചറൽ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ ലഭിച്ചിട്ടുണ്ട്. 14 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിവിഷൻ ഓഫീസിൽനിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly